# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1741** — **08/06/2018-ൽ മറുപടിയ്ക്ക്**

## ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന സമുച്ചയങ്ങൾ

| ചോദ്യം<br><br>ശ്രീ.എം.മുകേഷ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; | എ) | ആദ്യഘട്ടമായി 14 ജില്ലകളിൽ ഓരോ ഭവന സമുച്ചയം വീതമാണ് നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്. ഇതിൽ കാസർഗോഡ്, കൊല്ലം, വയനാട്, പാലക്കാട് എന്നീ ജില്ലകളിലെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള തുടർഘട്ടങ്ങൾ സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ചാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചാണോ എന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കൊല്ലം കോർപ്പറേഷനിൽ പള്ളിത്തോട്ടം ഡിവിഷനിലെ ക്യൂഎസ്.എസ് കോളനിയിലെ വാസയോഗ്യമല്ലാത്തതും അപകടകരവുമായ വീടുകളിൽ താമസിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള നിർദ്ദേശം ലൈഫ് പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ